17348
8/12/15

**കേരള സർക്കാർ**

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

നം.എ 3/66/15/ഉ.വി.വ.

തിരുവനന്തപുരം,
തീയതി 06/12/2015

**പരിപത്രം**

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോമൺപൂൾ ലൈബ്രറി സർവ്വീസ് - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്തുന്നത് - സംബന്ധിച്ച്.

കേരള കോമൺപൂൾ ലൈബ്രേറി സർവ്വീസിൽപ്പെട്ട ലൈബ്രേറിയൻമാരുടെ എൻട്രി കേഡർ തസ്തികയാണ് ലൈബ്രേറിയൻ ഗ്രേഡ് IV. നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നതുകാരണം നിരവധി ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണെന്ന് വിവിധ സ്ഥാപന മേധാവികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 28/11/2014 ലെ ജി.ഒ. (കൈ) നം.911/2014/ഉ.വി.വ നമ്പർ സ്റ്റാൻഡേർഡൈസേഷൻ ഉത്തരവ് പ്രകാരം ഉയർന്ന തസ്തികകളിലെ ലൈബ്രേറിയന്മാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ടി വിഭാഗത്തിലെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിന് കാരണമായി. ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലൈബ്രേറിയൻ ഗ്രേഡ് IV ഉൾപ്പെടെ, തസ്തിക ഭേദമന്യേ, ലൈബ്രേറിയൻ തസ്തികകൾ പൂർണമായും ഒഴിവുള്ള സ്ഥാപനങ്ങളിലെ മേധാവികൾക്ക് അവരുടെ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴിയുള്ള നിയമനം/സ്ഥാനക്കയറ്റം മൂലം ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കുന്ന കാലയളവ് വരെമാത്രം ഒരു ലൈബ്രേറിയൻ ഗ്രേഡ് IV നെ 11620-20240 എന്ന ശമ്പളസ്കെയിലിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുവാൻ അനുമതി നൽകുന്നു. പ്രസ്തുത നിയമനങ്ങളുടെ സാധൂകരണം നിയമനം നടത്തിയതിനുശേഷം സർക്കാരിൽ നിന്നും വാങ്ങേണ്ടതാണ്.

**ബി.ശ്രീനിവാസ്**
ഗവൺമെന്റ് സെക്രട്ടറി

എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് മേധാവികൾക്ക്
സർക്കാർഎഞ്ചിനീയറിംഗ്/മെഡിക്കൽ/നിയമ/ഹോമിയോ/ആയൂർവ്വേദ/നഴ്സിംഗ്/പോളിടെക്നിക്/ഫാർമസി/മ്യൂസിക്/ഫൈൻ ആർട്സ് കോളേജ് മേധാവികൾക്ക്
എല്ലാ ഡയറക്ടറേറ്റുകൾക്ക്
എല്ലാ ഡയറ്റ് മേധാവികൾക്ക്
ഐ.എ.എസ്. കോച്ചിംഗ് സെന്റർ തിരുവനന്തപുരം/എറണാകുളം മേധാവികൾക്ക്
ബാക്ക് വേർഡ് ക്ലാസ് ഇൻസ്റ്റിറ്റ്യൂട്ട് മേധാവിക്ക്
പ്ലാനിംഗ് ബോർഡ് ചെയർമാന്
എല്ലാ ITI പ്രിൻസിപ്പാൾമാർക്ക്
കിർത്താഡ്സ് മേധാവിക്ക്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് ആന്റ് ന്യൂമീഡിയ)

അംഗീകാരത്തോടെ,
സെക്ഷൻ ഓഫീസർ